# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ-ആസ്ഥാനകാര്യാലയം-പ്ലാനിംഗ് വിഭാഗം- ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനം- ജയിലുകളിലെ വീഡിയോ കോൺഫറൻസിങ് സ്റ്റുഡിയോ പരിശോധിക്കുന്നതിന് വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) ജയിൽവകുപ്പും കെൽട്രോണുമായുള്ള 31.01.2019 ലെ ഉടമ്പടി
(2) 26.11.22 ലെ കെൽട്രോണിൽ നിന്നുള്ള TVM/ITBG/IIS/PC/AB/234/22-23 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ. P2-18314/2020/PrHQ; തീയതി : 04-05-2023</u>**

ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോകോൺഫറൻസിംഗ് സംവിധാനം സ്ഥാപികച്ച പദ്ധതിയിൽ 37 ജയിലുകളിൽ 57 പുതിയ വീഡിയോ കോൺഫെറെൻസിംഗ് സ്റ്റുഡിയോ നിർമ്മിക്കുന്നതിനായി പരാമർശം(1) പ്രകാരം ജയിൽ വകുപ്പ് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിരുന്നു.സ്റ്റുഡിയോ നിർമ്മിക്കുന്നതിന് site ready അല്ലാതിരുന്ന ആറ്റിങ്ങൽ സബ് ജയിൽ, പൊൻകുന്നം സ്പെഷ്യൽ സബ് ജയിൽ, മഞ്ചേരി സ്പെഷ്യൽ സബ് ജയിൽ എന്നീ ജയിലുകളിൽ ഒഴികെ കെൽട്രോണിന്റെ system integrator ആയ M/s Fitech Power Solutions Pvt. Ltd എന്ന സ്ഥാപനം 54 ജയിലുകളിൽ സ്റ്റുഡിയോ നിർമാണം പൂർത്തിയാക്കിയിട്ടുള്ളതാണ്. കെൽട്രോണുമായി ഒപ്പുവച്ചിട്ടുള്ള ഉടമ്പടി അനുസരിച്ച് 54 ജയിലുകളിൽ സ്റ്റുഡിയോ നിർമ്മാണം പൂർത്തിയാക്കിയതിന് കെൽട്രോൺ സമർപ്പിച്ച ഇൻവോയിസ് തുകയുടെ 90 ശതമാനം ആദ്യ ഗഡുവായി കെൽട്രോണിന് അനുവദിച്ചു നൽകിയിരുന്നു. എല്ലാ സ്റ്റുഡിയോകളുടെയും നിർമ്മാണം പൂർത്തിയായ ശേഷവും, PWD,കെൽട്രോൺ പ്രതിനിധികളും അതത് ജയിൽ സൂപ്രണ്ടുമാരുമടങ്ങുന്ന സ്റ്റുഡിയോ വെരിഫിക്കേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലായിരിക്കണം അടുത്ത ഘട്ടം തുക കെൽട്രോണിന് അനുവദിക്കേണ്ടതെന്ന് വകുപ്പു കെൽട്രോണുമായി ഒപ്പുവച്ച എഗ്രിമെൻറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.അപ്രകാരം കെൽട്രോണിന് അടുത്ത ഘട്ടം തുക അനുവദിക്കുന്നതിന് മുന്നോടിയായി ജയിലുകളിലെ വീഡിയോ കോൺഫെറെൻസിംഗ് സ്റ്റുഡിയോ വെരിഫിക്കേഷൻ നടത്തേണ്ടതും ആയതിലേയ്ക്കായി വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതുമുണ്ട്. സ്റ്റുഡിയോ വെരിഫിക്കേഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനായി കെൽട്രോണിൽ നിന്നുള്ള പ്രതിനിധികളെ നാമനിർദ്ദേശം ചെയ്ത് പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. മറ്റ് ഏജൻസികൾ പൂർത്തികരിച്ച പ്രവൃത്തികളുമായി ബന്ധപ്പെട്ട അനുബന്ധ പ്രവൃത്തികൾക്കോ, ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിലോ പൊതുമരാമത്തു വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും ഉദ്യോഗസ്ഥരെ നൽകുവാൻ സാധിക്കുന്നതല്ലയെന്ന് പൊതുമരാമത്തു വകുപ്പ് അറിയിച്ചിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ ചുവടെ പറയുന്ന ജയിൽ വകുപ്പിലെ ജീവനക്കാരെയും (civil,Electrical ട്രേഡുകളിൽ സാങ്കേതിക യോഗ്യതയുള്ള), ജയിലാസ്ഥാനകാര്യാലയം ടെക്നിക്കൽ സെൽ ഉദ്യോഗസ്ഥരെയും, കെൽട്രോൺ പ്രതിനിധികളെയും സ്റ്റുഡിയോ വെരിഫിക്കേഷൻ നടത്തേണ്ട ജയിലുകളിലെ സൂപ്രണ്ടുമാരെയും ഉൾപ്പെടുത്തി സ്റ്റുഡിയോ വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ശ്രീ.രാജീവ് റ്റി. ആർ, ജോയിൻറ് സൂപ്രണ്ട് , ടെക്നിക്കൽ സെൽ,ജയിലാസ്ഥാനകാര്യാലയം
2. ശ്രീ. സുമന്ത്. വി എസ്,വെൽഫെയർ ഓഫീസർ Grl, ടെക്നിക്കൽ സെൽ,ജയിലാസ്ഥാനകാര്യാലയം
3. ശ്രീ.നജ്മുദീൻ.എ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ജില്ലാ ജയിൽ, തിരുവനന്തപുരം
4. ശ്രീ.ശരത്.എസ്, അസിസ്റ്റൻറ് പ്രിസൺ ഓഫീസർ, ജില്ലാ ജയിൽ, ആലപ്പുഴ
5. ശ്രീ.ഷിജു.ആർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, സബ് ജയിൽ, ആലുവ
6. ശ്രീ. വെങ്കിടേഷ്. സി, അസിസ്റ്റൻറ് പ്രിസൺ ഓഫീസർ, സ്പെഷ്യൽ സബ് ജയിൽ, പൊൻകുന്നം
7. ശ്രീ. വിനീത് വി ഡി,അസിസ്റ്റൻറ് പ്രിസൺ ഓഫീസർ, സ്പെഷ്യൽ സബ് ജയിൽ, വൈത്തിരി
8. ശ്രീ ജിതിൻ .പി. ജെ, അസിസ്റ്റൻറ് പ്രിസൺ ഓഫീസർ, ഓപ്പൺ പ്രിസൺ, ചീമേനി
9. ശ്രീ.മനു ആർ ജി, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ(തിരുവനന്തപുരം)
10. ശ്രീ.എബിൻ പണിക്കർ, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ(കൊല്ലം)
11. ശ്രീ.ഗീത ജി നായർ, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ(പത്തനംതിട്ട)
12. ശ്രീ.സേവ്യർ, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ (ആലപ്പുഴ)
13. ശ്രീ.ബിജീഷ്, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ (കോട്ടയം)
14. ശ്രീ.ശിവൻകുട്ടി, ടെക്നിക്കൽ അസിസ്റ്റൻറ് , കെൽട്രോൺ (എറണാകുളം)
15. ശ്രീ.അജിത്കുമാർ, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ( തൃശ്ശൂർ)
16. ശ്രീ.ഷിനു അരവിന്ദ്, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ ( പാലക്കാട്)
17. ശ്രീ.രാജേഷ് എൻ , ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ( ഇടുക്കി)
18. ശ്രീ.വിഷ്ണുലാൽ , ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ( മലപ്പുറം)
19. ശ്രീ.ജിനേഷ് ഇ, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ( കോഴിക്കോട്)
20. ശ്രീ.ബാബുരാജ്, ടെക്നിക്കൽ അസിസ്റ്റൻറ് , കെൽട്രോൺ (കണ്ണൂർ)
21.ശ്രീ.ജഗന്നാഥ്, ടെക്നിക്കൽ അസിസ്റ്റൻറ് ,കെൽട്രോൺ ( വയനാട്)
22. ശ്രീ.അനീഷ്, ടെക്നിക്കൽ അസിസ്റ്റൻറ്, കെൽട്രോൺ(കാസറഗോഡ്)
23. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ

ഓരോ ജില്ലയിലെയും ജയിലുകളിൽ വീഡിയോ കോൺഫെറൻസിംഗ് സ്റ്റുഡിയോ വെരിഫിക്കേഷൻ നടത്തുന്നതിനായി ടി കമ്മിറ്റി അംഗങ്ങളായി ജില്ലാ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കെൽട്രോൺ പ്രതിനിധികളെയും മേഖലാ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള വകുപ്പിലെ സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരെയും ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാരെയും ഏകോപിപ്പിച്ച് വെരിഫിക്കേഷൻ പ്രവൃത്തികൾ നിർവഹിക്കുന്നതിനായി വീഡിയോ കോൺഫെറൻസിംഗ് നോഡൽ ഓഫീസർ കൂടിയായ ശ്രീ.റ്റി. ആർ രാജീവിനെ ചുമതലപ്പെടുത്തുന്നു. ടി കമ്മിറ്റി വീഡിയോ കോൺഫെറൻസിംഗ് സ്റ്റുഡിയോകൾ പരിശോധിച്ച്, റിപ്പോർട്ട് ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വീഡിയോ കോൺഫെറൻസിംഗ് സ്റ്റുഡിയോ വെരിഫിക്കേഷൻ നടത്തേണ്ട ജയിലുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്

P2-18314/2020/PrHQ
cf1932

പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: വെരിഫിക്കേഷൻ കമ്മിറ്റി അംഗങ്ങൾക്കും ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് : 1.മാനേജിംഗ് ഡയറക്ടർ,
കെൽട്രോൺ,
വെള്ളയമ്പലം, തിരുവനന്തപുരം

2.ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്,
ദക്ഷിണമേഖല/മദ്ധ്യ മേഖല/ ഉത്തരമേഖല

General_P2-18314/2020/PrHQ-474 Dated : 05-05-2023

| List of newly constructed Prison VC Rooms | | | |
|---|---|---|---|
| **Sl No.** | **District** | **Jail** | **No. of VC sudio to verify** |
| 1 | Thiruvananthapuram | Central Jail Thiruvananthapuram | 2 |
| | | District Jail Thiruvananthapuram | 1 |
| | | Women Prison, Thiruvananthapuram | 2 |
| | | Special Sub Jail Thiruvananthapuram | 1 |
| 2 | Kollam | District Jail Kollam | 2 |
| | | Special Sub Jail Kottarakkara | 2 |
| 4 | Alappuzha | District Jail Alappuzha | 1 |
| | | Special Sub Jail Mavelikkara | 1 |
| 6 | Idukki | District Jail Muttam | 2 |
| | | Special Sub Jail Devikulam | 1 |
| | | Sub Jail Peerumed | 1 |
| 7 | Ernakulam | Borstel School Thrikkakara | 1 |
| | | Sub Jail Ernakulam | 1 |
| 8 | Palakkad | Special Sub Jail Palakkad (Re located to Malampuzha) | 3 |
| | | Special Sub Jail Chittoor | 1 |
| | | Sub Jail Ottappalam | 2 |
| | | Sub Jail Alathur | 1 |
| 9 | Thrissur | District Jail Viyyur | 2 |
| | | Womens Prison Viyyur | 1 |
| | | High Security Prison Viyyur | 5 |
| | | Sub Jail Viyyur | 1 |
| 10 | Malappuram | Central Jail Thavanoor | 3 |
| | | Special Sub Jail Manjeri | 1 |
| | | Sub Jail Perinthalmanna | 1 |
| | | Sub Jail Thirur | 2 |
| | | Sub Jail Ponnani | 1 |
| 11 | Kozhikode | District Jail Kozhikode | 1 |
| | | Special Sub Jail Kozhikode | 2 |
| | | Sub Jail Koyilandi | 2 |
| | | Sub Jail Vadakara | 1 |
| 12 | Wayanad | District Jail Mananthavadi | 1 |
| | | Special Sub Jail Vythiri | 1 |
| 13 | Kannur | District Jail Kannur | 2 |
| | | Sub Jail Kannur | 1 |
| 14 | Kasargode | Special Sub Jail Kasargode | 1 |
| | | | 54 |

Vinod Kumar M K
Deputy Inspector General of Prisons (HQ)
For Director General of Prisons & Correctional Services